പതിമൂന്നാം കേരള നിയമസഭ
പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. * 243 — 19.02.2016 ൽ മറുപടിക്ക്

## ആന്വൽ സ്റ്റാറ്റസ് ഓഫ് എജ്യൂക്കേഷൻ റിപ്പോർട്ട് 2014

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി. കെ.എസ്. സലീഖ<br>പ്രൊഫ. സി.രവീന്ദ്രനാഥ്<br>ശ്രീ. ജെയിംസ് മാത്യൂ<br>ശ്രീ. ബി..സത്യൻ | ശ്രീ. പി.കെ.അബ്ദുറബ്ബ്<br>(ബഹു.വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |

---

| | |
|---|---|
| (എ) നിരക്ഷരരുടെ എണ്ണം വർദ്ധിച്ചു വരുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) 12-ാം പഞ്ചവത്സര പദ്ധതിയുടെ സമീപനരേഖ പ്രകാരം നിരക്ഷരത കൂടുതലായി കാണപ്പെടുന്ന ആദിവാസി- തീരദേശ - ഭാഷാന്യൂന പക്ഷ-നഗരചേരി മേഖലകളിലും നിരക്ഷരത നിർമ്മാർജ്ജനം ചെയ്യുന്നതിനായി സർക്കാർ അക്ഷരലക്ഷം എന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഒന്നാംഘട്ടത്തിൽ 16608 പേരെയും, രണ്ടാംഘട്ടത്തിൽ 32020 പേരെയും സാക്ഷരരാക്കുവാൻ കഴിഞ്ഞിട്ടുണ്ട്. |
| (ബി) ഇതുമായി ബന്ധപ്പെട്ട് 2016 ജനുവരി 14 ന് പുറത്തിറക്കിയ ആന്വൽ സ്റ്റാറ്റസ് ഓഫ് എജ്യൂക്കേഷൻ റിപ്പോർട്ട് 2014 ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അതിൻപ്രകാരം പ്രാഥമിക വിദ്യാഭ്യാസ മേഖലയിലെ വിദ്യാർത്ഥികൾക്ക് വേണ്ടത്ര അടിസ്ഥാന അറിവ് ഇല്ലെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; | (ബി) ഉണ്ട്. ഡൽഹിയിലെ പ്രഥം എന്ന സംഘടന പ്രാഥമിക വിദ്യാഭ്യാസ നിലവാരവുമായി ബന്ധപ്പെട്ടു നടത്തുന്ന പഠനമാണ് ആന്വൽ സ്റ്റാറ്റസ് ഓഫ് എഡ്യൂക്കേഷൻ റിപ്പോർട്ട് 2014. പ്രസ്തുത സംഘടന 2014 ൽ പത്താമത് ആന്വൽ സ്റ്റാറ്റസ് റിപ്പോർട്ട് പ്രസിദ്ധീകരിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്തെ പാഠ്യപദ്ധതിയും, പശ്ചാത്തലവും പരിശോധിക്കാതെ സംസ്ഥാനത്തിന് |

| | | | |
|---|---|---|---|
| | | | പുറത്ത് നിന്നുള്ള ഒരു ഏജൻസി നടത്തിയ പഠനമായതിനാൽ അതിന്റെ ശാസ്ത്രീയത പരിശോധിച്ചിട്ടില്ല. പ്രസ്തുത പഠനങ്ങൾക്ക് ഉപയോഗിക്കുന്ന ടൂളുകൾ, പഠനരീതി. സാമ്പിളുകൾ എന്നിവ കേരളത്തിന്റെ പഠന പശ്ചാത്തലത്തിന് അനുയോജ്യമല്ലെന്നും പരാമർശിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ സംസ്ഥാനത്ത് പ്രാഥമിക വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട് എസ്.സി.ഇആർ.ടി. എസ്.എസ്.എ, ഡയറ്റുകൾ എന്നീ സ്ഥാപനങ്ങൾ മുഖേനയാണ് ഔദ്യോഗികമായി പഠനങ്ങൾ നടത്തിവരുന്നത്. പ്രസ്തുത പഠനങ്ങളിലൊന്നിലും പ്രാഥമിക വിദ്യാഭ്യാസത്തിന് നിലവാരം കുറവാണെന്ന് കണ്ടെത്തിയിട്ടില്ല. പ്രസ്തുത പഠന റിപ്പോർട്ടുകൾ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിലുള്ള പഠന നേട്ടങ്ങളിലൂന്നിയാണ് ആർ.ടി.ഇ ആക്ടിന്റെ പശ്ചാത്തലത്തിൽ പാഠ്യപദ്ധതി പരിഷ്കരിച്ചത്. |
| (സി) | ഇതുമായി ബന്ധപ്പെട്ട് എസ്.സി.ഇ.ആർ.ടി മുമ്പ് സർക്കാരിന് റിപ്പോർട്ട് നൽകിയിരുന്നോ; | (സി) | ഇല്ല |
| (ഡി) | ഇതിനെ തുടർന്ന് പ്രാഥമിക തലത്തിൽ അക്ഷര ജ്ഞാനം ഉറപ്പ് വരുത്തുന്നതിനായി ജില്ലാ ഉദ്യോഗസ്ഥൻമാർക്ക് ഡി.പി.ഐ നിർദ്ദേശം നൽകിയിരുന്നോ; | (ഡി) | ഒരു പ്രവർത്തന കലണ്ടർ തയ്യാറാക്കി ഒന്ന്, രണ്ട് ക്ലാസുകളിലെ മുഴുവൻ കുട്ടികളും. അക്ഷരവും അക്കങ്ങളും വായിക്കുവാനും, എഴുതുവാനും കഴിയുന്നവരാണെന്ന് ഉറപ്പുവരുത്തുന്ന |

| | |
|---|---|
| നടപടികളും പുരോഗതിയും വ്യക്തമാക്കുമോ? | പ്രവർത്തനങ്ങൾ നടപ്പിലാക്കുവാൻ ജില്ലാ വിദ്യാഭ്യാസ ഓഫിസർമാർക്ക് പൊതുവിദ്യാഭ്യാസ ഡയറക്ടർ നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ പ്രവർത്തനം പൊതുവിദ്യാഭ്യാസ വകുപ്പ് വിജയകരമായി നടപ്പിലാക്കിയിട്ടുണ്ട്. |

Sheela M

സെക്ഷൻ ഓഫീസർ